

little KITEs
Little kites Presents
Bloom Buds
M T D M H S S Thondernad

**ആശംസകളോടെ........**



എം.ടി.ഡി.എം.ഹയർ സെക്കൻ്ററി സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്" അംഗങ്ങൾ തയ്യാറാക്കിയ ബ്ലൂം ബഡ്സ് എന്ന ഡിജിറ്റൽ മാഗസീൻ വിദ്യാർത്ഥികളുടെ സാഹിത്യ കലാഭിരുചികൾ പ്രകടിപ്പിക്കുവാനും വളർത്തുവാനും വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്

ഹെഡ്മാസ്റ്റർ ശ്രീ ജോസ് കെ ജെയ്സൺ

കഥ

# അനിയത്തി പ്രാവും ചേട്ടത്തി പ്രാവും

***പണ്ട് പണ്ട് ഒരു അനിയത്തി പ്രാവും ഒരു ചേട്ടത്തി പ്രാവും ഉണ്ടായിരുന്നു. ചേട്ടത്തി പ്രാവ് വളരെ ദുഷ്ടയായിരുന്നു. അനിയത്തി പ്രാവ് ഒരു പാവമായിരുന്നു. അങ്ങനെ അങ്ങനെ ഒരു ദിവസം ചേട്ടത്തി പ്രാവ് ഭക്ഷണം തേടി പോകുമ്പോൾ കുറച്ചു പയറു മണികൾ കിട്ടി അതും എടുത്ത് കാട്ടിലേക്ക് പൊയി പയറുമണികൾ അനിയത്തി പ്രാവിന് കൊടുത്തിട്ട് ചേട്ടത്തി പ്രാവ് പറഞ്ഞു ഞാൻ തിരിച്ച് വരുമ്പഴേക്കും പയറുമണികൾ വറുത്ത് വെക്കണം.അനിയത്തി പ്രാവ് അത് അനുസരിച്ച് അളവ് പാത്രത്തിൽ പയറുവറുത്ത് വെച്ചു. കുറച്ചു കഴിഞ്ഞ് ചേട്ടത്തി പ്രാവ് തിരികെവന്നു എന്നിട്ട് അനിയത്തി പ്രാവിനോടു ചോദിച്ചു നീ ഇതിൽനിന്ന് പയറു മണികൾ കട്ടുതിന്നു അല്ലെ അഹങ്കാരി ഇതിൽനിന്ന് പയറു മണികൾ കുറഞ്ഞല്ലൊ ഇല്ല ചേട്ടത്തി ഞാൻ ഇതിൽ നിന്ന് ഒരു മണി പയറ് പോലും ഞാൻ തിന്നിട്ടില്ല ചേട്ടത്തി പ്രാവ് പറഞ്ഞു അഹങ്കാരി വീണ്ടും കള്ളം പറയുന്നൊ? കൊത്തി കൊത്തി കൊന്നു***

***അതിനു ശേശം ഒരു ദിവസം ചേട്ടത്തി പ്രാവിന് വീണ്ടും പയറുമണികൾ കിട്ടി അത് വറുത്തു അപ്പോൾ അളവു പാത്രത്തിലെ പയറിന്റെ അളവു കുറഞ്ഞു അപ്പോഴാണ് ചേട്ടത്തി പ്രാവിനു പയറുമണികൾ വറുത്താൽ കുറഞ്ഞു പോകുമെന്ന കാര്യം മനസിലായതു അപ്പോൾ ചേട്ടത്തി പ്രാവ് അനിയത്തി പ്രാവിനെ തേടികൊണ്ട് കുറേ നടന്നു.***

# പുഴ നാളകളിൽ

കേരള പുഴകൾ തേങ്ങുന്ന, ജീവനുണ്ടി പൊരുതുന്നേ....
മരണം മുന്നിൽ കണ്ടനേരം ജീവനുവേണ്ടി കരയുന്നേ....
കണ്ണില്ലാത്ത നാട്ടുകാർ,കരളലിവില്ലാ കൂട്ടുകാർ...
കയ്യും മെയ്യും ഒന്നായി ചേർത്ത് പുഴയുടെ ജീവൻ
തീർക്കുന്നേ... പുഴയുടെ ജീവൻ തീർക്കുന്നേ......

മണലൂകൾ വാരും കൊള്ളക്കാർ.. കെട്ടുകൾ
ജോലിക്കാർ.... കയ്യും മെയ്യും ഒന്നായി ചേർത്ത്
പുഴയുടെ ജീവൻ തീർക്കുന്നേ... പുഴയുടെ ജീവൻ
തീർക്കുന്നെ.......

മാലിന്യമെറിയും അമ്മമാർ... ശ്രദ്ധിക്കാത്ത നാട്ടുകാർ...
കയ്യും മെയ്യും ഒന്നായി ചേർത്ത് പുഴയുടെ ജീവിൻ
തീർക്കുന്നേ....പുഴയുടെ ജീവൻ തീർക്കുന്നേ.....

നാളകളിലെ പുഴക്ക് വേണ്ടി.....കയ്യും മെയ്യും
ഒന്നായി ചേർത്ത് പുഴയുടെ ജീവൻ നിലനിർത്തൂ....
പുഴയുടെ ജീവൻ നിലനിർത്തൂ......

# ആരാണ് ഒരു ഉത്തമ വ്യക്തി?

ഇരുട്ടിന്റെ ഈ ലോകത്ത് നന്മയുടെ,പ്രകാശത്തിന്റെ ഒരു തിരി തെളിക്കുന്ന ഉത്തമവ്യക്തി. 'ആരാണ് ഒരു നല്ല മനുഷ്യത്വത്തിന് ഉടമ?'മന്വന്തരങ്ങളിലൂടെ പ്രതിഫലിച്ച മർത്യവിലാപത്തിന് നിത്യമായൊരുത്തി കുറിക്കാൻ സാധിക്കുന്നവരാകണം ഒരു നല്ല മനുഷ്യൻ. കാലത്തിന്റെ രഥചക്രങ്ങളുരുളുമ്പോൾ

സ്വപ്നങ്ങളിൽ മതിമയങ്ങി കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുന്ന തനിക്കുവേണ്ടി മറ്റുള്ളവരെയും കരുക്കളാക്കി സ്നേഹിക്കാൻ മറന്നുപൊകുന്ന ഈ കാലത്ത് ഒരു നല്ല മനുഷ്യൻ അതവാ ഉത്തമവ്യക്തിയാകാൻ പ്രയാസമാണ്.

ഒരു നല്ല അയൽക്കാരനായും ഒരു നല്ല മനുഷ്യനായും ജീവിക്കുന്നവർക്ക് ലോകം നൽകിയ പേര് 'ഉത്തമൻ'.നിരാശയുടെ ഇരുളകാലൻ ഒരു ഗാനം മതി സൗഹൃദമാരംഭിക്കാൻ ഒരു ചിരി മതി .അതെ,പണ്ടേതോ കവി പാടിയ ഈ വരികൾ

ഒരു നല്ല വ്യക്തിയാകാൻ എനിക്കു തീരുമോ, എന്നത് ഞാൻ എന്നോട് തന്നെ ചോദിക്കേണ്ട ഒരു കാര്യമാണ്. സ്വയം തീരുമാനിക്കുക, സ്വയം പ്രതിജ്ഞചെയ്യുക സ്വയം മാറുക

# ഫിലാസാത്ത്

പ്രാചീന  കലയെന്ന പേരിൽ പലരും ഫിലാസാത്തിനെ അധിക്ഷേപിച്ചിരിക്കും. കാലത്തിനനുസരിച്ച് മാറാത്ത ഏതാനും ആക്ഷേപിച്ചിരിക്കും പക്ഷെ എൻെ  ജീവനാണ്,ജീവിതമാണിത്. കാറൽ ഇതു ചിന്തിച്ചു കൊണ്ട് അന്നുറങ്ങി തൻെ നാടെന്താണിങ്ങനെ എന്ന് അവൻ പ_ ലപ്പോഴും ആലോചിച്ചിരുന്നു അഞ്ചാറ് വർഷങ്ങൾക്ക് മുൻപ് താനും തൻെ അഛനും ഫിലാസാത്തായി ആടിത്തിമിർത്ത് ഈ നാടു കണ്ടു രസിച്ചു എന്നാൽ പിന്നീട് ദിവസങ്ങൾ പിന്നിട്ടപ്പോൾ അത് ദുഷിച്ചതായി മാറി. ക്രിസ്തുമസ് തത്രികൾ ഇത്രകാലം ഞങ്ങളുടെതായിരുന്നു എന്നാൽ ഇന്ന് അത് കരോളിൻെയും നാടകത്തിൻെതുമായി ഇന്നത്തെ തൻെ അവസ്ഥ കാറലിനെ വളരെയതികം വേദനിപ്പിക്കുന്നുണ്ട് മുഴുകുടിയനായ അച്ഛനെ താൻ തന്റെ തുച്ഛമായ വരുമാനം കൊണ്ട് വേണം നോക്കാൻ. അചഛന് കള്ള് മേടിച്ചു കൊടുക്കാൻ സ്വന്തം സംഘങ്ങളുണ്ട് എന്നാൽ ഒരു നേരത്തേ ഭക്ഷണത്തിന് ആരും തിരിഞ്ഞു നോക്കുന്നില്ല .

ഇപ്പോൾ ഫിലാസാത്ത് എന്ന കലാലരൂപം ഇല്ലാതായി. കാറൽ ഒരു 17 വയസ്സുകാരനാണ്. കോവലത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞവനാണ് അവൻ. താൻ സ്നേഹിച്ച ഫിലസാത്തിനെ വിട്ട് വിദേശത്ത് ജോലി തേടിപ്പോകാൻ പലരും ഉപദേശിക്കുകയും നിർബന്ധിക്കുകയും ***ചെയ്യും.ഇപ്പോൾ അതാ ഒരവസരം ഖത്തറിലേക്ക്, ഒരു തൊഴിലവസരം താത്പര്യം***

# അശ്രുപൂജ

കലിതുള്ളി വിറതുള്ളി കർക്കിടകം പെയ്തു

പെരുമാരി പേമാരി പെരുംതുള്ളിയായ്
കലിയല്ല ഭൂമിക്ക് കരളുരുകി പൊട്ടിപ്പോയ്
മാറു പിളർന്നു സ്വയം തകർത്ത...
നീ പിച്ചവെപ്പിച്ച..
നീ കൈ പിടിപ്പിച്ച....
നിൻ മകൾ അമരുന്ന ആ പിളർപ്പിൽ...
നിൻ മാർ തുരക്കുവാൻ
ഞങ്ങളുണ്ടാക്കിയ യന്ത്രങ്ങൾ വീണ്ടും പരതുന്നു..
ജീവനുണ്ടോ..നിൻെറ മടിയിൽ...
ജീവൻെറ സ്പന്ദനം കേൾപ്പതുണ്ടോ...
മരവിച്ച കാലുകൾ, പിഞ്ചു കൈ വിരലുകൾ....
കൊച്ചു കളിപ്പാട്ടം, അക്ഷരപുസ്തകം....
J.C.B നൽകുന്നു നീ നിർഗളിപ്പിച്ച
പിളർപ്പുകൾക്കിടയിൽ നിന്നൊന്നൊന്നായി...
അമ്മതൻ ആർത്തനാദം മുഴങ്ങുന്നു...
അതെൻെറ കുഞ്ഞിൻെറ മഷിപ്പേനയാ...
അവളെ തിരിച്ചൊന്നു നൽകുമോ ഭൂമിയേ...
അവസാനമായൊന്നു ചുംബിച്ചിടാൻ
എൻ പതിയെവിടെ.... എൻ കുഞ്ഞെവിടെ..
നെഞ്ചു തല്ലിക്കരയുന്നു താതൻ...
അറിയില്ല ഇനിയുമാ ജീവൻെറ തന്ത്രികൾ
മൂടിക്കിടക്കുന്നോ നിന്നുള്ളിലെന്ന്....
നീ ചേർത്തു നിർത്തിയോ നിൻ നെഞ്ചിലേക്കായ്
നീറുന്ന ഓർമ്മകൾ ബാക്കിയാക്കി.....
മതി തുനിയുമരുതേ
കലിയടക്കേണമേ
കനിവിനായ് കേഴുന്നു ഞങ്ങൾ
ഇനിയുമൊരു കണ്ണുനീർ പേമാരിയിൽ
ഉഴറുവാൻ ഞങ്ങൾക്കതാവതില്ല...

# ഞാനും നീയും

ഞാനും നീയും മാത്രമുള്ള
കുഞ്ഞോർമ്മകളൊക്കെയും
നിറമുള്ളതായിരുന്നു
നീലാകാശത്തുനിന്നും
പച്ചപരവതാനിയിലേക്ക്
വീഴുന്ന ത്തുലിഴകളിലെ
ഓരേ മുത്തിലും നീയായിരുന്നു
ചെറുതുരുണ കലളിലെ
കുഞ്ഞോളങ്ങൾ താളം മിട്ടി
ഒഴുകുമ്പോഴും നിൻെറ
സാന്നിധ്യമുണ്ടായിരുന്നു
ഏുകാന്തതയിലിരിക്കുമ്പോൾ
കുഞ്ഞുകാറ്റായി വന്ന്
എന്നെ തഴുകിയ നേരം
നിന്നെ അനുഭവിച്ച നിമിഷം
മറക്കില്ല ഒരിക്കലും
കൊട്ടും തണവരും
***എന്നെ വരിഞ്ഞ് മുറുക്കിയ***

# സംതൃപ്തിയിലാത്ത ജീവി മനുഷ്യൻ

ചെന്നൈ നഗരം ചൂടാൽ ചുട്ടുപ്പൊള്ളുമ്പോൾ സമയം രാവിലെ 10 മണി അതിക്രമിച്ചു അമ്മമാർ തങ്ങളുടെ കുട്ടികളെ സ്കൂളിലേക്ക് അയക്കാനുള്ള വെപ്രാളം കൊണ്ട് വീർപ്പ്മുട്ടുന്ന യുവാക്കൾ ഓഫീസിലേക്ക് എത്താൻ ധൃതി കൂട്ടുന്നു.

ഇതിൻെയൊക്കെ ഇടയിലും തണുപ്പാർന്ന റൂമില് വിശ്രമിക്കുകയായിരുന്ന ജോൺ എന്ന 88 ക്കാരൻ പെട്ടന്ന് വാതിൽ തുറന്ന് വരുൺ എന്ന മലയാളി ജോണിനോട് പ്രഭാത ഭക്ഷണത്തിന് വരാൻ പറഞ്ഞു

ജോണിന് ആകെ സംസാരിക്കാനുള്ളത് വരുണിനോട് മാത്രമായിരുന്നു. കാരണം വരുണിന് മാത്രമെ ജോണിൻെ ഭാഷ മനസ്സിലാവുകയുള്ളൂ.

ജോൺ വരുണിനോട് ഒരു പേനയും പേപ്പറും ആവശ്യപെട്ടു. പത്തുമിനിറ്റിനകം അവൻ അത് അദ്ദേഹത്തിന് നൽകി.

[ജോൺ എഴുതുന്നു]

ചെറുപ്രായത്തിലെ ഞാൻ എൻെ അമ്മയെ നീചവാക്കുകൾ കൊണ്ട് ഉപമിചിരുന്നു. എന്നാലും അവർ എന്നെ വളർത്തി. അങ്ങനെ ഞാൻ കല്ല്യാണം കഴിച്ചു. അതുകൊണ്ട് എനിക്ക് ഒരു നല്ല ജീവിതം കിട്ടി. ശേഷം മൂന്ന് ആൺ മക്കൾ പിറന്നു. കുറച്ച് നാളുകൾക്ക് ശേഷം അമ്മ മരിച്ചു. പക്ഷെ എനിക്ക് വലിയ ആഗാതമായില്ല. പിന്നെ ഞാൻ മക്കളെ പഠനത്തിന് അയച്ചു. അതിനുവേണ്ടി ഞാൻ വിവിത രാജ്യങ്ങളിലൽ ജോലി ചെയ്തു ചോര നീരാക്കി അവർ ത്യാഗം ചെയ്തു. എൻെ ജീവിതം ഞാൻ അവർക്ക് വേണ്ടി ബലിയർപ്പിച്ചു. അവർക്ക് നല്ല പങ്കാളികളെ കണ്ടെത്തി കൊടുത്തു. പിന്നീട് അവർക്ക് എന്നെ വേണ്ടാതായി ഓരോരുത്തരുടെ വീട്ടിലായി അവർ . എന്നെ മാറ്റി താമസിപ്പിച്ചു. ശേഷം മൂന്നു പേരും കൂടിയിരുന്നു തീരുമാനിച്ചു. ചെന്നൈയിലെ പ്രൗഢിയാർന്ന വൃദ്ദസദനത്തിൽ കൊണ്ടാക്കി

[ജോണിൻെ എഴുത്ത് അവസാനിച്ചു]

ഉച്ചഭക്ഷണത്തിന് സമയമായി . ജോണിനെ വിളിക്കാന് വരുൺ അവിടെ കണ്ട കായ്ച ഭയാനകരമായിരുന്നു ചോരക്കുളമായി മാറിയിരുന്നു. ജോൺ തൻെ ചൈതന്യമാർന്ന കണ്ണുകൾ അടച്ചിരുന്നു അത്രയും കാലത്തെ ഇഹലോകജീവിതം മതിയാക്കി അദ്ദേഹം പരലോകത്തേക്കുള്ള യാത്ര തുടങ്ങി കഴിഞ്ഞിരുന്നു ..........

നിൻെ ഓർമകളുടെ
സുഖം പേറി നടക്കമ്പോഴും
അതിൻെ ഭാരം എന്നെ
മതത്ത് പിടിപ്പിക്കുമ്പോഴും
നിൻെ സുഗന്ദംത്തിൻെ
അല്ല
വിയർപ്പിൻെ
ഗന്ദം പോലുമെൻെ
നാസികയിൽ
ഇപ്പോഴും തുളടച്ചുകയറുന്നണ്ട്
ഞാൻ പോലും അറിയാതെ.....

B I J U P T K

കവിത

# കാലത്തിൻെറ കരച്ചിൽ കേട്ടുണരുമ്പോൾ ............

എന്നു തീരുമെന്നുടെ ദാഹ൦
കണ്ണീരിൻ നീർ തുള്ളിപോലുമേയില
ഞാനിന്നിതാ വറ്റിവരണ്ടൊരു
ശാപമായ് മർത്യർതൻ മുമ്പിൻ

എന്നെയിങ്ങനെ മാറ്റിമറിചൊരാ
നീ ചരാമാ മനുഷ്യർ പോലുമേ
യിന്നെന്നെ ക്രൂരമാമവരുടെ
വാക്കുകളാലേ
കൊന്നുതള്ളിക്കൊണ്ടിരിക്കുന്നിതേവ൦

എന്നെയിന്നവർ മലിനയാക്കി
എൻെറ മക്കളെയു൦ കൊന്നുതള്ളി
എന്നിട്ടവരെന്തു നേടി
അതുകൊണ്ടവർക്കെന്തു ലാഭ൦

ഒരു തുള്ളി ജലചെന്നിൽ വീഴാൻ
ആ നനവിലൊന്നു കുതിരാൻ
എൻെറ മോഹയെന്ന പൂവണിയു൦
എത്രനാൾ ഞാൻ കാത്തിരിക്കു൦

എൻ ദാഹമൊന്നകറ്റുവാൻ
ദൈവമേ ജലമെവിടെ?
മഴയായ് നീ പൊഴിയൂ
എന്നെ സ൦തൃപ്തനാക്കു

ക്രൂരരാമെൻെറയീ മക്കൾ ചെയ്ത
അപരാധത്തിന്നു പ്രായശ്ചിത്തമിയ്
ഞാനിന്നിതാ വറ്റിവരളുന്നു
വെന്തു നീറിയുരുകിത്തീരുന്നു

പുഴയിൽ ഞാനെത്തിനോക്കി

ശൂന്യമായ പാറക്കെട്ടുകൾ
ജലമേ നീയെങ്ങു പോയി
എവിടെ മണ്ടിമറഞ്ഞു നീ?

എന്റെ കരച്ചിലിന്നിടെ  മുഴങ്ങുന്നു
എന്റെ രോദനം നായുകയില്ല
ഞാനിവിടെ യെന്നുമൊരു
വറ്റിവരണ്ടൊരു  ഭൂമി മാത്രം

STORY

# CRUSHED LOVE OF A FATHER

A man named Laser came from his work so late,tired and to find his 15 or 10 years old son awaiting for his kisses at the door. “Daddy may i ask you a question” “sure what is your question” replied the man. “Daddy how much do you make an hour”. “It is none of your business why do you ask such a thing”the man said furiously. “I just want to know please tell me”. “If you must know i make 200 $ an hour”. “HO”the little boy replied with his head down. “Daddy may i please borrow 100$ the father was furious. “If the only reason you asked that is so you can borrow money to buy a silly toy or some other nonsense,march yourself to your room now”.The boy quietly went to his room and shut the door. The man calmed down and started to think may be there was something he really needed to buy and he really didn’t ask for money very often. Then the man go to the little boy’s room and opened the door and asked “are you asleep son”he asked “no daddy i am awake” replied the boy. “ I have been thinking may be i was too hard on you earlier”said the man. “ Here is the 100$ you asked”. The little boy sat straight up smiling “oh, thank you daddy” he

yelled then, reaching under his pillow he pulled out some crumbled up hill.The man saw that the boy already had money which made him start to get angry again “why do you want more money again if you saved already have some? The father grumbled. The little boy slowly counted out his money and looked up at his father because I didn’t have enough but i do the little boy replied . “Daddy i have 200$ now, can i buy an hour of your time? He asked excitedly “ please come early tomorrow. I would like to

Story

# Summer day

Whats the matter asked Arun . Doesnt you feel her as ishitha Aryas words even made A run shocked Ishitha was thier lovely daughter by unfortunetly they losed her forever. It was a summer day when they both were busy on thier duties. Ishitha went upstairs as rain was there, slipped from balcony. Had serious hemearage. She was tooken to hospital but it was just a try. She was at that time. Arun had planned his journey only to get a relif. But now......

Arya went to aza : Madam, you will look so beautiful with these roses. Can i give you some. Give me the bounquet and what does it cost ? Aza looked the shopkeeper with amusement. He smile, and hodded. I dont know give what you like said Aza with some wonder. Here they gave her 50 rupees which was more than its cost.Aza ran away within no time. Arun called out Hey, little flower girl , we would like to have a bounquent tomorrowtoo. She passed and look back . Cn you give your adress please arun continued. The shopkeeper gave it . Arya kissed her and they went on.

Poem

# MATERNITY

stretched a part of my health
sharpened the lens of my eyes,
converted a piece into huge
I saw, I feel maternity ,

Her power, magical toches
awaked me from the black dream
journey of sweat made me
a loser, but the miracles converted

Loneliness made me afraid,
in land of worse,
ocean of tear.
But i sustained along with meternity

sweet of breast milk,
made me aware of taste,
I got it ! The sourse of my

love and peace she taught me to know
and to here, and made me
the one who know what, when and
how to speak!

Succes, the goal of sapiens
the sweet in touge.
The source of peace ,
I see this as 'maternity'.......... '

But the translucentaing
covered her power.
Xerophthalmia!
Needed the surgery !

In the magical wing of univers.
The complete earth ellude
from the war of love and greed
the battle of gene and maternity

# SPRING

## *Dear World Here Me..........*

Oh, dear world ,believe me
I do not have land
My grandma was buried some where
in the lonely dense brest land
with a borrowing mind
on dark night
My painful tears broke down like powerful bullets
And they told me, I should speak
Now I don't no where she lies.
I am alone in a tree top
hide between the leaves
And I am a man.
*Oh! Dear world I love you*
*Oh,give us pleasure in the flower to-day;*
*And give us not to think so far away*

Bloom buds

*As the uncertain harvest; keep us here*
*All simply in the springing of the year*

*Oh,give us pleasure in the orchard white,*
*Like nothing else by day, like ghosts by night;*
*And make us happy in the happy bees,*
*The swarm dilating round the perfect trees.*

*And make as happy in the darting bird*
*That suddenly above the bees is heard,*
*The meteor that thrusts in with needle bill,*
*And off a blossom in mid air stand still.*

*For this is love and nothing else is love,*
*The which it is reserved for god above*
*To sanctify to what far ends he will,*
*but which it only needs that we fulfil.*

**Ashmil shas ahammed**

M T D M H S THONDERNAD

കഥ

# പ്രതീക്ഷിച്ചില്ല

അടർത്തിമാറ്റാൻ കഴിയാത്ത രണ്ട് മനസ്സുകളായിരുന്നു.എന്നാൽ ബഷീർ രാജേഷിൻറെ മുഖത്തുള്ള ആ ഭാവത്തെ മനസ്സിലാക്കാൻ സാധിച്ചില്ല.അവൻ പഠിത്തത്തിനിടയിൽ മനസ്സിലായോ എന്ന് ആവർത്തിച്ച് ചോദിച്ച് കൊണ്ടിരുന്ന അന്നേരമെല്ലാം അവൻ മൂളുകമാത്രം ചെയ്തു പരീക്ഷക്ക് മുമ്പായി ബഷീർ ഒരു തവണ കൂടി അമ്മയെ കാണാൻ ചെന്നു. അപ്പോഴാണ് അവർ ഓർത്തത് ഇന്ന് ഒറ്റ പൊതിച്ചോറെ എടുത്തുള്ളൂന്ന്.അവൻ അവരോട് എന്ത്കൊണ്ടാണ് ഇന്ന് ഒറ്റ പൊതിച്ചോറ് എടുത്തത് എന്ന് ചോദിച്ചു. അവൻറെ അമ്മ ആ ചോദ്യം പ്രതീക്ഷിച്ചില്ല .അവരുടെ മുഖത്തെ പുന്ചിരി ഓടി ഒളിച്ചു . അവർ മെല്ലെ ബഷീറിൻറെ തോളത്ത് കൈ വെച്ചു എന്നിട്ട് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു മോനെ നീ ഇക്കാര്യം എന്നെൻകിലും ചോദിക്കും എന്ന് എനിക്കുറപ്പായിരുന്നു.ഇന്ന് നിൻറെ ഈ വിദ്യാലയത്തിലെ അവസാന ദിവസം ആണ് ഇനി ഒരു തിരിച്ച് വരവ് നിനക്കിവിടെ ഉണ്ടാകില്ല. ഈ സ്നേഹിച്ച പലരും നിൻറെ സുഹൃത്തുക്കളും അദ്ധ്യാപകരും എല്ലാവരേയും വിട്ട് നീ ഇവിടെ നിന്ന് പോവും പത്താം ക്ലാസ്സിൻറെ ആ അവസാന ദിവസം ആർക്കും മറക്കാനാവില്ലല്ലോ..ഒരുമിച്ച് കളിച്ച് നടന്ന മൈതാനവും മരച്ചുവടുകളും എല്ലാ മങ്ങിയ ഓർമ്മകൾ മാത്രമായിരുന്നു. നിൻറെ കൂടെ ഇത്രയും നാൾ നടന്ന നിൻറെ മിത്രം രാജേഷിന് വേണ്ടിയാണ് ഞാൻ എന്നും പൊതിച്ചോറെടുത്തിരുന്നത്. എന്നാൽ ഇന്ന് മുതൽ അതിൻറെ ആവിശ്യമില്ല കാരണം അവൻ ഒരു അനാഥയാണ്.....അമ്മയുടെ വാക്കുകൾ കേൾക്കാൻ കഴിയാതത്ര സ്തംഭിച്ച് പോയി ബഷീർ അവൻ തിരിഞ്ഞ് നടന്ന് ക്ലാസ്സിൽ പോയിരുന്നു. സത്യം എത്ര മാത്രം കൈയ്പ്പേറിയ ഒന്നാണെന്ന് അവൻ രുചിച്ചറിഞ്ഞു. അന്ന് ചോദ്യപേപ്പറുകളിലെ അക്ഷരങ്ങൾ അവനെ കളിയാക്കുന്നതായാണ് അവന് തോന്നിയത്. അവൻ അങ്ങനെ പരീക്ഷയ്ക്ക് ശേഷം അമ്മയുടെ കൈ പിടിച്ച് വിദ്യാലയത്തിന് മുൻബിൽ എത്തി എല്ലാ കുട്ടികളും തൻറെ മാതാപിതാക്കളുടെ കൂടെ വെളിയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ് അവൻ ഒരു നിമിഷം തിരിഞ്ഞ് നോക്കി അവിടെ ആ ക്ലാസ്സ് റൂമിൽ തൻറെ നെഞ്ചോട് ചേർത്ത് വെച്ച് രാജേഷ് ഇരിക്കുന്നത് അവൻ കണ്ടു.ആരും വരില്ലെന്ന് അറിയുമെങ്കിലും പ്രതീക്ഷയോടെ അവിടെ ഇരിക്കുന്ന അവനെ ബഷീർ നിറഞ്ഞ കണ്ണുകളോടെയാണ് കണ്ടത്.

മണിയുടെ തുടർച്ചയായുള്ള മുഴക്കം അവനെ അവൻറെ ഓർമ്മകളിൽ നിന്നുണർത്തി ഒരു നിമിഷം കണ്ണുകൾ ആരും കാണാതെ തുടച്ച് കണ്ണാടിവെച്ച് അദ്ദേഹം കുട്ടികളിൽ നിന്ന് വാങ്ങിയ ഉത്തരപേപ്പറുമായി സ്റ്റാഫ്റൂമിലേക്ക് പോയി തുടർന്ന് അവിടെ ഇരുന്നു. മനസ്സിൽ ഭയങ്കര അസ്വസ്ഥത നിഴലിച്ചു തിരികെ പോവുമ്പോൾ അദ്ദേഹം ആ ക്ലാസ്സിലേക്ക് നോക്കി.അദ്ദേഹം

*പ്രതീക്ഷിച്ചത് പോലെതന്നെ അവിടെ തൻ്റെ പുസ്തക സൻജിയുമായി പുറംതിരിഞ്ഞ് ഏകാന്തതയെ വീക്ഷിച്ചിരുന്നത് കണ്ടു. കുട്ടികളെല്ലാം തൻറെ മാതാപിതാക്കളുടെ കൈ പിടിച്ച് വിദ്യാലയത്തോട് വിടപറയുമ്പോൾ അവൻ മാത്രം അവിടെ ഏകനായിരുന്നു . മേഘം ഇരുണ്ടു കയറി.മഴക്കാർ കാണാറായി. ബഷീർ മാസ്റ്റർ മെല്ലെ ക്ലാസ്സിൽ ചെന്ന് വിറക്കുന്ന കൈകൾ അവൻറെ തോളിൽ വച്ച് നിറഞ്ഞൊരുങ്ങിയ കണ്ണുകളാൽ രവി മാസ്റ്ററെ തിരിഞ്ഞുനോക്കി. അദ്ദേഹത്തിൻറെ കണ്ണുകളിലും സ്നേഹത്തിൻറെ ബാഷ്പം തെളിഞ്ഞു .*

*- സാരിയ ബിൻ യാസീൻ*

***എം. ടി. ഡി. എം. ഹൈ സ്കൂൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ മികവിന്റെ പര്യായമാണ് 'ബ്ലൂം ബഡ്സ്' എന്ന ഈ മാഗസിൻ . വിവരവിനിമയസാങ്കേതികവിദ്യയുമായി കൈകോർത്ത്***
നിർമ്മിച്ച് ഈ മാഗസിൻ ഞങ്ങളുടെ കുട്ടികളുടെ സ്വപ്നങ്ങളും പ്രതീക്ഷകളും നെഞ്ചിലേറ്റുന്നു . കുറവുകൾ ക്ഷമിച്ച് പ്രോത്സാഹനമേകാൻ എല്ലാവർക്കുമാകട്ടെ.

## *നന്ദി*